# ഇൻഡ്യൻ പാർലമെന്റിൽ ഭീകരാക്രമണം നടത്തിയ കുറ്റവാളി അഫ്സൽ ഗുരുവിനെ തൂക്കിലേറ്റിയതിനെപ്പറ്റി

- അരുൺ ജെയ്റ്റ്ലി

2011 ഡിസംബർ 13-ന് ഇൻഡ്യൻ പാർലമെന്റ് ഭീകരന്മാരാൽ ആക്രമിക്കപ്പെട്ടു. പാർലമെന്റിനകത്തും പുറത്തുമുണ്ടായിരുന്നവരെ സംരക്ഷിക്കാൻ പാർലമെന്റിലെ സുരക്ഷാ ഉദ്യോഗസ്ഥരും പൊലീസ് സേനയിൽ പെട്ടവരുമായ ഒട്ടേറെ പേർ സ്വജീവൻ ബലിനൽകി. ആ ആക്രമണത്തിനെ ഇഡ്യൻ ജനത ഒറ്റശബ്ദത്തിൽ അപലപിച്ചു. ഇൻഡ്യ ഒരു മുദു രാജ്യമാണെന്ന് ചിന്തിക്കാൻ ആർക്കും ഇട കൊടുക്കാതെ ആക്രമണത്തിനുത്തരവാദികളെ കണ്ടെത്തി. നമ്മുടെ സുധീരരായ സുരക്ഷാ ഉദ്യോഗസ്ഥന്മാർ ഭീകരരെ തൽസ്ഥാനത്തുതന്നെ ഇല്ലായ്മ ചെയ്തു. സംഭവത്തിന്റെ ഗൂഢാലോചനക്കാരെ അന്വേഷിച്ചു കണ്ടെത്തി, വിചാരണചെയ്ത് ശിക്ഷിച്ചു. സുരഷാ ഉദ്യോഗസ്ഥരുടെ കൃത്യസമയത്തെ ഇടപെടൽ കൊണ്ട് ഒറ്റ ഭീകരനും പാർലമെന്റ് കെട്ടിടത്തിനുള്ളിൽ കടക്കാനായില്ല. ഇൻഡ്യൻ രാഷ്ട്രയ നേതാക്കളെ കൂട്ടത്തോടെ ഇല്ലായ്മ ചെയ്യാനുള്ള ഗൂഢാലോചനക്കാരുടെ പദ്ധതി തകർത്തുകളഞ്ഞു.

നമ്മൾ ഒട്ടേറെ ഭീകരാക്രമണങ്ങൾ കണ്ടിട്ടുണ്ട്. അവയിൽ പലതും അതിർത്തിക്കു പുറത്ത് ആസൂത്രണം ചെയ്ത് ഇൻഡ്യയിൽ നടപ്പാക്കിയതാണ്. അവയിൽ ചില ആക്രമണ കേന്ദ്രങ്ങൾ ശ്രദ്ധയോടെ തിരഞ്ഞെടുത്തവയാണ്. പാർലമെന്റ്, ജമ്മു കാശ്മീർ നിയമസഭ, അക്ഷർധാം ക്ഷേത്രം, മുംമൈബ സിറ്റി തുടങ്ങിയവ അവയിൽ ചിലതാണ്. ഇവയെല്ലാം ഇൻഡ്യൻ ജനാധിപത്യത്തിന്റെയും പരമാധികാരത്തിന്റെയും സാംസ്കാരിക പാരമ്പര്യത്തിന്റെയും സാമ്പത്തികാടിത്തറയുടെയും പ്രതീകങ്ങളാണ്. ഇൻഡ്യൻ പാർലമെന്റിനെതിരേയുള്ള ആക്രമണം ഇൻഡ്യക്കെതിരേയുള്ള ആക്രമണമാണ്.

ഇൻഡ്യ നിയമവ്യവസ്ഥയുള്ള ഒരു സമൂഹമാണ്. നമ്മുടെ പൊലീസ് ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ടുകൾ കോടതികൾ സൂക്ഷ്മ പരിശോധനയ്ക്കു വിധേയമാക്കാറുണ്ട്. നീളുന്ന വിചാരണകൾക്കൊടുവിൽ വിചാരണക്കോടതി പുറപ്പെടുവിക്കുന്ന വിധി ഹൈക്കോടതിയും സുപ്രീം കോടതിയും സൂക്ഷ്മ പരിശോധനകൾക്കു വിധേയമാക്കാറുണ്ട്. അഫ്സൽ ഗുരുവിന്റെ കേസിൽ നീതിനിർവഹണ സംവിധാനം അങ്ങനെ അയാളുടെ കുറ്റം സ്ഥിരീകരിക്കുകയും വധശിക്ഷാവ വിധി ശരിവെക്കുകയും ചെയ്തതാണ്. അയാളുടെ ദയാഹജി രാഷ്ട്രപതി നിരസിച്ചതാണ്. പക്ഷേ, വധശിക്ഷ നടപ്പാക്കാൻ വൈകിയതിന്റെ കാരണം സർക്കാരിനിയും വിശദമാക്കിയിട്ടില്ല. എന്നാൽ അവസാനം നിയമം അതിന്റെ വഴിക്കു നീങ്ങി. പൊതുജന സമ്മർദ്ദം കൊണ്ടാണ് സർക്കാർ നിയമം നടപ്പിലാക്കാൻ നിർബന്ധിതമായത്. ഈ സമയത്ത്, ഇൻഡ്യ ഒരു മൃദു രാജ്യമല്ലെന്നും ഇൻഡ്യയെയും അതിന്റെ പരമാധികാരത്തെയും സ്ഥാപനങ്ങളേയും ആക്രമിക്കുന്നവർ ആരായാലും അവരെ വെറുതേ വിടില്ലെന്നുമുള്ള സുവ്യക്തമായ സന്ദേശം നൽകുന്നതിന് 2001 ഡിസംബർ 13 ലെ പോലെ രാ

ജ്യം മുഴുവൻ ഒറ്റശബ്ദത്തിൽ സംസാരിക്കേണ്ട സമയമാണിന്ന്. കുറച്ചു വൈകിയെങ്കിലും നതി നടപ്പായിരിക്കുന്നു.